# UG CAP അഡ്മിഷൻ 2020
# രണ്ടാംഘട്ട അലോട്ട്മെന്റ്
# 24.09.2020 മുതൽ 28.09.2020 വരെ

1. അലോട്ട്മെന്റ് ലഭിച്ചവർ 28.09.2020 4.30 പി.എം.ന് മുമ്പായി പ്രവേശനം നേടേണ്ടതാണ്.
2. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, ഗവൺമെന്റിന്റെയും യൂണിവേഴ്സിറ്റിയുടെയും നിബന്ധനകൾ പാലിച്ചുകൊണ്ട് പൂർണ്ണമായും ഓൺലൈൻ രീതിയിലാണ് അഡ്മിഷൻ നടത്തുന്നത്.
3. എം.ജി. യൂണിവേഴ്സിറ്റി ഏകജാലക അഡ്മിഷൻ പ്രക്രിയ (CAP) വഴി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർക്ക് മാത്രമേ കോളേജിൽ അഡ്മിഷൻ നേടാൻ സാധിക്കുകയുള്ളൂ.
4. യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് നിശ്ചിതഫീസ് ഒടുക്കി സ്ഥിരം അഥവാ താത്ക്കാലിക അഡ്മിഷൻ തെരഞ്ഞെടുത്തതിനുശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക.

## കോളേജിൽ താത്ക്കാലിക പ്രവേശനം തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർ ശ്രദ്ധിക്കുക.

1. താത്ക്കാലിക അഡ്മിഷൻ തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർ യൂണിവേഴ്സിറ്റി പോർട്ടലിൽ അപ്ലോഡ് ചെയ്തിരിക്കുന്ന രേഖകൾ പരിശോധിച്ച് അഡ്മിഷന് പര്യാപ്തമാണെന്ന് കാണുന്നപക്ഷം താത്ക്കാലിക അഡ്മിഷൻ 'കൺഫേം' ചെയ്യുന്നതാണ്.
2. അപേക്ഷകരുടെ ഡിജിറ്റൽ രേഖകളിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്നപക്ഷം അപേക്ഷകരെ കോളേജിൽ നിന്നും ബന്ധപ്പെടുന്നതായിരിക്കും.
3. പ്രസ്തുത പിഴവുകൾ പരിഹരിച്ചാൽ മാത്രമായിരിക്കും താത്ക്കാലിക അഡ്മിഷൻ നൽകുന്നത്. ഗുരുതരമായ എന്തെങ്കിലും പിഴവുകൾ കണ്ടെത്തുന്നപക്ഷം അഡ്മിഷനുള്ള യോഗ്യത റദ്ദാക്കപ്പെടുന്നതാണ്.
4. കോളേജിൽ അഡ്മിഷൻ കൺഫേം ചെയ്തു കഴിഞ്ഞാൽ അപേക്ഷകർക്ക് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## കോളേജിൽ സ്ഥിരപ്രവേശനം തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർ ശ്രദ്ധിക്കുക.

1. കോവിഡ് - 19 പശ്ചാത്തലത്തിൽ പൂർണ്ണമായും ഓൺലൈൻ പ്രക്രിയവഴിയാണ് സ്ഥിരപ്രവേശനം നടത്തുന്നത്. അഡ്മിഷൻ സംബന്ധിച്ച അന്വേഷണങ്ങൾ, ഫീസ് ഒടുക്കൽ തുടങ്ങി ഒരാവശ്യത്തിനും അപേക്ഷകർ കോളേജിൽ നേരിട്ട് ഹാജരാകേണ്ടതില്ല.
2. അപേക്ഷകർ യൂണിവേഴ്സിറ്റി പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുള്ള രേഖകളുടെയും സാക്ഷ്യപത്രങ്ങളുടെയും ആധികാരികത പരിശോധിച്ചശേഷമാണ് അഡ്മിഷൻ നൽകുന്നത്.
3. അപേക്ഷകരുടെ ഡിജിറ്റൽ രേഖകളിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്നപക്ഷം അപേക്ഷകരെ കോളേജിൽ നിന്നും ബന്ധപ്പെടുന്നതായിരിക്കും. പ്രസ്തുത പിഴവുകൾ പരിഹരിച്ചാൽ മാത്രമായിരിക്കും സ്ഥിര അഡ്മിഷൻ നൽകുന്നത്. ഗുരുതരമായ എന്തെങ്കിലും പിഴവുകൾ കണ്ടെത്തുന്നപക്ഷം അഡ്മിഷനുള്ള യോഗ്യത റദ്ദാക്കപ്പെടുന്നതാണ്.

4. ഓൺലൈൻ സർട്ടിഫിക്കേറ്റ് വെരിഫിക്കേഷൻ കഴിഞ്ഞ്, അഡ്മിഷന് യോഗ്യരായ അപേക്ഷകർക്ക് കോളേജ് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത്, നിശ്ചിത ഫീസ് ഒടുക്കി അഡ്മിഷൻ നേടാവുന്നതാണ്.
5. ഓൺലൈൻ അഡ്മിഷൻ പൂർത്തിയാക്കിയശേഷം ടി.സി. കോണ്ടക്ട് സർട്ടിഫിക്കറ്റ്, ഒപ്പ് രേഖപ്പെടുത്തിയ അലോട്മെന്റ് മെമ്മോ എന്നിവയുടെ ഡിജിറ്റൽ പകർപ്പ് admissiontcc2020@gmail.com എന്ന ഇ-മെയിൽ ഐ.ഡി.യിലേക്ക് അയയ്ക്കുക.
6. പ്രവേശനമെടുത്ത് 15 ദിവസത്തിനകം മേൽപ്പറഞ്ഞ രേഖകളുടെ അസൽ കോളേജിൽ തപാൽ മാർഗ്ഗമോ മറ്റ് ഉചിതമാർഗ്ഗങ്ങളിൽ കൂടിയോ സമർപ്പിക്കേണ്ടതാണ്.
7. കോളേജിൽ ഓൺലൈൻ അഡ്മിഷനായി ഒരുക്കിയിട്ടുള്ള സംവിധാനം വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം അഡ്മിഷൻ പ്രക്രിയയിലേക്ക് പ്രവേശിക്കുക.

കൊച്ചിൻ കോളേജ് ഓൺലൈൻ അഡ്മിഷൻ പ്രക്രിയ (Online Admission Process) മനസ്സിലാക്കുന്നതിനായി ക്ലിക്ക് ചെയ്യുക.

**കൊച്ചിൻ കോളേജ് ഓൺലൈൻ അഡ്മിഷൻ പ്രക്രിയ**

- സ്ഥിരപ്രവേശനം തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർ കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക (www.thecochincollege.edu.in)
- CAPAdmission ൽ ക്ലിക്ക് ചെയ്യുക.
- അപേക്ഷകർ CAP രജിസ്ട്രേഷൻ നമ്പർ (ആപ്ലിക്കേഷൻ നമ്പർ) നിഷ്കർഷിച്ചിട്ടുള്ള സ്ഥലത്ത് നൽകിയശേഷം course select ചെയ്ത് ലോഗിൻ ചെയ്യുക.
- വെബ്സൈറ്റിൽ നൽകാനായി ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായി നല്കുക.
- വെബ്സൈറ്റിൽ ഒരുക്കിയിട്ടുള്ള ഇന്റഗ്രേറ്റഡ് പേയ്മെന്റ് ഗേറ്റ്‌വേ ഉപയോഗിച്ച് ഓൺലൈനായി ഫീസ് അടയ്ക്കുക.
- ഓൺലൈൻ ഫോം പ്രിന്റ് ചെയ്ത് പൂരിപ്പിച്ചതും ഓൺലൈൻ ഫീസ് ഒടുക്കിയതിന്റെ രസീതും അപ്‌ലോഡ് ചെയ്യുക.
- സ്ഥിരപ്രവേശനം നേടുന്നവർ ടി.സി., കോണ്ടക്ട് സർട്ടിഫിക്കറ്റ്, ഒപ്പ് രേഖപ്പെടുത്തിയ അലോട്മെന്റ് മെമ്മോ, $10^{th}$ മാർക്ക് ലിസ്റ്റ് എന്നിവ സ്കാൻ ചെയ്ത് admissiontcc2020@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്യേണ്ടതാണ്. പ്രസ്തുത രേഖകൾ 15 ദിവസത്തിനകം തപാലിലൂടെയോ മറ്റ് സാധ്യമായ മാർഗ്ഗങ്ങളിലൂടെയോ കോളേജിൽ എത്തിക്കേണ്ടതാണ്.
- അഡ്മിഷൻ എടുത്തതിനുശേഷം യൂണിവേഴ്സിറ്റി പോർട്ടലിൽ ലോഗിൻ ചെയ്ത് കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുക.

**അഡ്മിഷൻ ഹെൽപ്ഡെസ്ക്**

*അഡ്മിഷനുമായി ബന്ധപ്പെട്ട സാങ്കേതിക സംശയങ്ങൾക്കും സഹായത്തിനും:*

**8089831062, 9633981674, 8089340082**

*അഡ്മിഷൻ സംബന്ധിച്ചുള്ള പൊതുവായ സംശയങ്ങൾക്ക്:*

ഓഫീസ്: **9496180615, 9495022053, 04842226449 (Self financing)**

*അഡ്മിഷൻ നോഡൽ ഓഫീസർ:*

**9447120534**